
9 -ാം വർഷം
2025
ഏപ്രിൽ 13
നോമ്പ് ഏഴാം ഞായർ
ഓശാന ഞായർ



# Laity Reflect on
## SYRO-MALABAR SUNDAY MASS
## SCRIPTURE READINGS



ഉൽപത്തി 49:8-12, 22-26 യൂദായിൽ നിന്ന് ചെങ്കോൽ ഒഴിഞ്ഞുപോവില്ല
സംഖ്യ 9:9-12 സമാധാന രാജാവ് സിയോനിലേക്ക്
റോമ 11:13-24 നാം മിശിഹായാകുന്ന ഒലിവിൽ ഒട്ടിച്ചേർക്കപ്പെട്ടവർ
മത്തായി 21:1-17 (20:2921:22) മിശിഹായുടെ രാജകീയ ജറുസലേം പ്രവേശനവും ദൈവാലയശുദ്ധീകരണവും

# ജയ് വിളികളുടെ ഓശാന; തേങ്ങലുകളുടെയും



ജോസ് തട്ടിൽ

'സീയോൻ പുത്രീ, അതിയായി ആനന്ദിക്കുക. ജറുസലെ പുത്രീ, ആർപ്പുവിളിക്കുക. ഇതാ നിന്റെ രാജാവ് നിന്റെ അടുക്കലേക്കു വരുന്നു. അവൻ പ്രതാപവാനും ജയശാലിയുമാണ്. അവൻ വിനയാന്വിതനായി; കഴുതപ്പുറത്ത്, കഴുതക്കുട്ടിയുടെ പുറത്ത്, കയറി വരുന്നു. ഞാൻ എഫ്രായിമിൽ നിന്ന് രഥത്തെയും ജറുസലെമിൽ നിന്നും പടക്കുതിരയെയും വിച്ഛേദിക്കും. പടവില്ല് ഞാൻ ഒടിക്കും. അവൻ ജനതകൾക്കു സമാധാനമരുളും, അവന്റെ ആധിപത്യം സമുദ്രം മുതൽ സമുദ്രം വരെയും നദിമുതൽ ഭൂമിയുടെ അറ്റംവരെയും ആയിരിക്കും.' (സംഖ്യ 9:9-10)

സഖറിയാ പ്രവാചകന്റെ ഒരു വലിയ സ്വപ്നമാണ് ഇവിടെ വിവരിക്കുന്നത്. ഒരു പുതിയ ദാവീദിന്റെ ഭരണത്തിൻ കീഴിലുള്ള സമാധാനം. യുഗാന്ത്യോന്മുഖമായ പ്രവചനമായും ഇതിനെ കാണാം. മിശിഹായായി വരുന്ന ദാവീദിന്റെ വംശത്തിൽ നിന്നുള്ള പുതിയ രാജാവിനെക്കുറിച്ചുള്ള പ്രവചനങ്ങളെല്ലാം ഏശയ്യ 9:6-7, മിക്ക

5:1-4, ഉൽപത്തി 49:10-11 ഈ വചനഭാഗത്തോട് ചേർത്തു വായിക്കാം.

ജറുസലെമിനോട് ആനന്ദിച്ച് ആർപ്പ് വിളിക്കാനാണ് ആവശ്യപ്പെടുന്നത്. കാരണം, അവളുടെ രാജാവ് അവളുടെ പക്കലേക്ക് വരികയാണ്. അദ്ദേഹം നീതിമാനും വിജയശ്രീലാളിതനുമാണ്. എളിമയുള്ള അവൻ ഒരു കഴുതയുടെ പുറത്തിരുന്നാണ് വരുന്നത്.

കഴുതപ്പുറത്തെഴുന്നള്ളുന്ന യേശു തന്റെ മഹത്വപൂർണ്ണമായ കിരീടധാരണത്തിനായി, കുരിശുമരണത്തിനായി പുറപ്പെടുകയാണ് ദാവീദിന്റെ പുത്രനായ സോളമൻ തന്റെ കിരീടധാരണവേളയിൽ തന്റെ പിതാവിന്റെ പ്രിയപ്പെട്ട കഴുതയുടെ പുറത്താണ് ജറുസലേം നഗരത്തിലേക്ക് ആനയിക്കപ്പെടുന്നത് (1 രാജ 1:33). കഴുതപ്പുറത്തുള്ള സോളമന്റെ ആഗമനം ജറുസലേമിലെ ഭരണമാറ്റത്തിന്റെ സൂചനയാണ്. യേശുവിന്റെ നഗരപ്രവേശനവും ഒരു ഭരണമാറ്റത്തിന്റെ സൂചനയാണ്. പഴയ നിയമത്തിലെ യഹൂദഭരണക്രമം മാറി മിശിഹാ ഭരണം നടത്തുന്ന ദൈവരാജ്യം സ്ഥാപിക്കപ്പെടുന്നതിന്റെ അടയാളമാണീ നഗരപ്രവേശനം. 'ദാവീദിന്റെ പുത്രന് ഓശാന' എന്ന ജനക്കൂട്ടത്തിന്റെ ആരവം ഈ പഴയ നിമയസംഭവത്തിന്റെ അനുസ്മരണത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്.

## പെസഹാക്കുഞ്ഞാട്

ക്രമപ്രകാരം പെസഹാക്കുഞ്ഞാടായി സ്വയം തെരഞ്ഞെടുത്ത ദിനമായിരുന്നു ഓശാന ഞായർ. ആഹ്ലാദാരവങ്ങൾക്കപ്പുറം കൊല്ലപ്പെടാനുള്ള ഒരു കുഞ്ഞാടിന്റെ തേങ്ങലുകൾ ഉയരുന്ന ദിനം കൂടിയാണ്. പെസഹായ്ക്ക് നാലു ദിനം മുൻപ് പെസഹാഭക്ഷണമാകേണ്ട കുഞ്ഞാടിനെ തെരഞ്ഞെടുത്ത് ഭവനങ്ങളിൽ പ്രത്യേകമായി പരിരക്ഷിക്കണമെന്ന് നിയമഗ്രന്ഥം അനുശാസിക്കുന്നുണ്ട് (പുറ 12:3). അതുകൊണ്ടു തന്നെ ആ ദിനം സ്മരണീയമാക്കാൻ അവിടുന്ന് തീരുമാനിച്ചു. ദാരുണമായ മരണത്തെ ഉത്സവം പോലെ ആഘോഷമായി വരവേൽക്കാൻ ദൈവപുത്രനല്ലാതെ മറ്റാർക്കാണ് കഴിയുക. ആരും ഉപയോഗിക്കാത്ത മൃഗങ്ങളെ മാത്രമെ ബലിയർപ്പിക്കാൻ ഉപയോഗിച്ചിരുന്നുള്ളൂ (സംഖ്യ 19:2). ആരും ഇതുവരെയും യാത്ര ചെയ്തിട്ടില്ലാത്ത കഴുതയുടെ പുറത്ത് യാത്ര ചെയ്യുന്ന യേശുവിന്റെ ആഗമനം ബലിയർപ്പിക്കാനാണ് എന്ന സൂചന നൽകുന്നു.

## ഓശാനായുടെ അനന്യത

ഫുൾട്ടൻ ജെ. ഷീൻ പറയുന്നത്, ദൈവവും മനുഷ്യനും തമ്മിലുള്ള പ്രകടമായ വ്യത്യാസം ദൈവത്തിന് അഹങ്കാരമില്ല, എന്നാൽ മനുഷ്യന് അഹങ്കാരമുണ്ട് എന്നതാണ്. അഹങ്കാരം എന്നത് ഇല്ലാത്തത് ഉണ്ടെന്ന ഭാവവും മറ്റുള്ളവരെക്കാൾ മേന്മ അകാരണമായി ഒരാൾ അവകാശപ്പെടുന്നതുമാണല്ലോ. ദൈവത്തെ സംബന്ധിച്ചേടത്തോളം ഇല്ലാത്തതായി ഒന്നുമില്ല. തനിക്കു തുല്യനായും ആരുമില്ല. അതിനാൽ അഹങ്കാരം അപ്രസക്തമാണ്. മനുഷ്യനിൽ ദൈവസ്വഭാവം വർദ്ധിക്കുമ്പോൾ എളിമ വർദ്ധിക്കുന്നു എന്നർത്ഥം. ആയതിനാൽ നമ്മുടെ ദൈവികത അളക്കാനുള്ള ഏറ്റവും നല്ല അളവുകോൽ നമ്മുടെ എളിമയാണ്. പുൽക്കൂട്ടിൽ പിറന്നതുമുതൽ ഈശോ തന്റെ തനതു സ്വഭാവമായ എളിമ വെളിപ്പെടുത്തുകയായിരുന്നു. ഒരു ഘോഷയാത്രയുടെയും ജൈത്രയാത്രയുടെയും ആരവമുണ്ടെങ്കിലും ഓശാന ഞായറാഴ്ച യഥാർത്ഥത്തിൽ പ്രകടമാക്കുന്നത് രക്ഷയ്ക്കു വേണ്ടിയുള്ള ലോകത്തിന്റെ ദാഹമാണ്. വിശ്വാസത്തോടെ നിലവിളിച്ചുകരയുന്ന ഏതൊരുവനും യേശുവിന്റെ സൗഖ്യവും രക്ഷയും അനുഭവിക്കാനാകും എന്ന സത്യമാണ് ഓശാന ഞായറാഴ്ച പകർന്നു നൽകുന്നത്. രക്ഷ നൽകുന്ന പീഢാനുഭവവാരത്തിന്റെ അടിസ്ഥാന സൂചികയായി 'ഓശാന' നിലകൊള്ളുന്നതിന്റെ കാരണവും മറ്റൊന്നല്ല.

ഓശാന ഞായാറാഴ്ച ആർപ്പു വിളിച്ച ജനം ദുഃഖവെള്ളിയാഴ്ച കൊലവിളി നടത്തിയത് വൈരുദ്ധ്യമായി തോന്നാം. എന്നാൽ ഓശാന ഞായറാഴ്ച രക്ഷയ്ക്കുവേണ്ടി ദാഹിച്ച ജനം ദുഃഖവെള്ളിയാഴ്ച രക്ഷയുടെ വഴി കണ്ടെത്തുകയായിരുന്നു. യേശുവിനെ കുരിശിൽ തറയ്ക്കാനുള്ള ജനത്തിന്റെ നിലവിളി പ്രത്യക്ഷത്തിൽ ക്രിസ്തുവിനോടുള്ള വിരോധമാണ് വെളിപ്പെടുത്തുന്നതെങ്കിലും രക്ഷാകരപദ്ധതിയിൽ അത് ഓശാന ഞായറാഴ്ചയിലെ ആർപ്പുവിളിയുടെ തുടർച്ചയാണ്. ആഘോഷവും ആർപ്പുവിളികളുമല്ല, കുരിശാണ് രക്ഷയുടെ മാർഗ്ഗം എന്ന സത്യത്തിലേക്ക് വചനം വിരൽ ചൂണ്ടുന്നു. കഴുതപ്പുറത്തേറിയ ക്രിസ്തവും കുരിശിലേറിയ പെസഹാകുഞ്ഞാടും എളിമയുടെ ദിവ്യമായ നേർചിത്രങ്ങളാണ്.

ദൈവിക പട്ടണത്തിൽ ദൈവം പ്രവേശിക്കുന്ന 'ഓശാന' സംഭവത്തിന് ഏറെ പ്രാധാന്യമുണ്ട്. ജനത്തിന്റെ മ്ലേച്ഛതകൾ മൂലം ജറുസലേം ദേവാലയത്തിൽ നിന്നും നഗരത്തിൽനിന്നും ദൈവം ഇറങ്ങിപ്പോകുന്നതിന്റെ വിവരണം എസെക്കിയേൽ പ്രവാചകൻ നൽകുന്നുണ്ട്. (എസെ 10:1-22) എന്നാൽ കിഴക്കെ മലമുകളിലേക്കു പിൻവാങ്ങിയ ദൈവം ദൈവനഗരത്തിലേക്കും ദൈവാലയത്തിലേക്കും തിരിച്ചുവരുമെന്നും പ്രവാചകൻ പറയുന്നുണ്ട്. (എസെ 43:1-7) ദൈവനഗരത്തിലേക്കും ദൈവാലയത്തിലേക്കും ക്രിസ്തു കടന്നുവരുന്നതിനെ കർത്താവിന്റെ പുനരാഗമനമായി കാണുമ്പോൾ അത് ഓശാനനാളിൽ ജനത്തിന്റെ അതിരുവിട്ട ആഹ്ലാദത്തിനു കാരണമായി. പലതരം മ്ലേച്ഛതകൾ, അഹന്ത തുടങ്ങി ദൈവത്തെ പടിയിറക്കുന്ന എത്രയോ തിന്മകളുടെ കൂടാരമാണു നാം. ദൈവം നമ്മിലേക്കു വീണ്ടും കടന്നുവരാനാഗ്രഹിക്കുന്നു എന്ന സ്ദ്വാർത്തയാണ് ഓശാന ഞായറിൽ തിരുസഭാ മാതാവ് നമ്മെ അറിയിക്കുന്നത്. ദൈവത്തിൽ സന്തോഷിക്കാൻ കഴിയുന്ന അവസ്ഥയിലേക്കു ജറുസലെം നിവാസികൾ വളർന്നതായാണ് ഓശാന ഞായർ സാക്ഷ്യപ്പെടുത്തുന്നത്.

ദൈവത്തിലും ദൈവികകാര്യങ്ങളിലും സന്തോഷിക്കാൻ കഴിയുന്നതാണ് യഥാർത്ഥ ആത്മീയത. പൗലോസ് ശ്ലീഹാ പറയുന്നില്ലേ: 'എപ്പോഴും കർത്താവിൽ സന്തോഷിക്കുവിൻ..' (ഫിലിപ്പി 4:4)

ഓശാന - 'കർത്താവേ രക്ഷിക്കണമേ' എന്നുള്ള നിലവിളി നിരന്തരം നമ്മുടെ നാവിൻ തുമ്പിൽ ഉണ്ടാകേണ്ടതാണ്. അടിമത്വത്തിലും അന്ധകാരത്തിലും കഴിഞ്ഞ ജനം പ്രതീക്ഷയോടെ കർത്താവിന്റെ മുമ്പിൽ ഹൃദയം തുറന്നപ്പോൾ ഉണ്ടായ നെടുവീർപ്പായിരുന്നു ഓശാന എന്ന പ്രതിധ്വനി. ഈ നിലവിളിക്കുള്ള ഉത്തരമായിരുന്നു കർത്താവിന്റെ കുരിശിലേക്കുള്ള യാത്ര - കുരിശുമരണവും ഉത്ഥാനവും.


'പർവതങ്ങളിലേക്ക് ഞാൻ കണ്ണുകളുയർത്തുന്നു; എനിക്ക് സഹായം എവിടെ നിന്നു വരും? എനിക്കു സഹായം കർത്താവിൽ നിന്നു വരുന്നു, ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിൽ നിന്ന്' (സങ്കീർത്തനം 121:1-2)

ഏതു പ്രതിസന്ധിയിലും കർത്താവിലേക്കു തിരിഞ്ഞു രക്ഷതേടുന്ന ജീവിതശൈലി നാം സ്വീകരിക്കണം. കയ്യിലിരിക്കുന്ന കുരുത്തോല നമ്മുടെ ജീവിതത്തിന്റെ പ്രതീകമല്ലേ. ഏതാനും ദിവസങ്ങൾക്കുള്ളിൽ ഈ കുരുത്തോല കരിയാൻ തുടങ്ങും. എത്ര നൈമിഷികവും നിസ്സാരവുമാണ് നമ്മുടെ ജീവിതം. ഈ ജീവിതം ദൈവത്തോടു അടുപ്പിക്കാം. ശക്തമായ ദൈവാശ്രയ ബോധം നമ്മുടെ സ്വഭാവമാക്കാം. ഈ വിശുദ്ധവാരത്തിൽ കർത്താവിന്റെ കുരിശിന്റെ വഴികളിലൂടെ അവന്റെ പീഢാസഹനങ്ങളെ ഓർമിച്ചുകൊണ്ട് നാം നടക്കുമ്പോൾ നിത്യരക്ഷ, സ്വർഗ്ഗരാജ്യം എന്ന ലക്ഷ്യം മുമ്പിൽവച്ച് നമുക്കു ജീവിത്തെ നവീകരിക്കാം.

## ദൈവാരാധാന ഹൃദയവിശുദ്ധീകരണത്തിലൂടെ

ദേവാലയം ശുദ്ധീകരിക്കുന്നതിലൂടെ ഒരിക്കൽക്കൂടി ദൈവാലയത്തിന്റെ പ്രസക്തിയെക്കുറിച്ചും ദൈവാരാധനയെക്കുറിച്ചും സൂചന ലഭിക്കുന്നു. ബെനഡിക്ട് പതിനാറാമൻ മാർപ്പാപ്പ പറയുകയാണ്: 'ഏക ദൈവത്തെ അറിയുവാനും സ്പർശിക്കുവാനും തടസ്സമായി നിൽക്കുന്നതു എന്തായിരുന്നാലും അവയെ തുടച്ചുമാറ്റുക, അങ്ങനെ ഹൃദയ സമർപ്പണത്തിന്റെ ആരാധാനയ്ക്കു പൊതുഇടം തുറന്നുകൊടുക്കുക' (നസ്രത്തിലെ യേശു, പേജ് 74). കച്ചവടസ്ഥലമാക്കിയ ദൈവാലയത്തെ യേശു ശുദ്ധീകരിക്കുന്നതിലൂടെ ആത്മവിമോചകന്റെ പ്രഥമ ലക്ഷ്യം ആത്മാക്കളുടെ വിശുദ്ധീകരണമാണെന്ന് നമ്മെ പഠിപ്പിക്കുന്നു.

ഹൃദയങ്ങളിൽ വിശുദ്ധ മൂറോൻ തൈലം പൂശി പരിശുദ്ധാത്മാവിന്റെ ആവാസത്തിനായി കൈവയ്പ് നൽകി ക്രിസ്തുവിന്റെ മരണത്തിൽ മാമ്മോദീസായിലൂടെ പങ്കാളിയാക്കപ്പെട്ട ഒരു വിശ്വാസിക്ക് ഹൃദയത്തെ വിശുദ്ധീകരിക്കാൻ തിരുസ്സഭ നൽകുന്ന



പുണ്യകാലഘട്ടമാണ് ഈ വലിയ ആഴ്ച. മനുഷ്യ ഹൃദയ/ശരീരം തന്നെയാണ് ദേവാലയം എന്നു വിശുദ്ധ പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നു: 'നിങ്ങളിൽ വസിക്കുന്ന ദൈവദത്തമായ പരിശുദ്ധാത്മാവിന്റെ ആലയമാണ് നിങ്ങളുടെ ശരീരമെന്ന് നിങ്ങൾക്കു അറിഞ്ഞുകൂടേ? (1 കൊറി 6:19). നമ്മുടെ മധ്യേ വസിക്കുന്നവനാണ് ദൈവം. അതുകൊണ്ടാണല്ലോ എമ്മാനുവേൽ എന്ന് അവൻ വിളിക്കപ്പെടുന്നത്. അതിനാൽ യഥാർത്ഥ ദൈവാരാധന മനുഷ്യസേവനം ആവശ്യപ്പെടുന്നു.

ദേവാലയത്തിൽ ദൈവികമല്ലാത്തതൊക്കെ അവൻ നീക്കം ചെയ്തു. അവൻ വിശുദ്ധീകരിച്ചത് ജറുസലെം ദേവാലയം മാത്രമായിരുന്നില്ലല്ലോ. മനുഷ്യന്റെ ശരീരമാകുന്ന ദേവാലയവും തന്റെ ശുദ്ധീകരണ പദ്ധതിയിലുണ്ടായിരുന്നു. ജീവിതനവീകരണം നമ്മിൽ നിന്ന് ആവശ്യപ്പെടുന്ന പ്രവൃത്തിയായി യേശു ആഗ്രഹിക്കുന്നു. 'നിങ്ങൾ ദൈവത്തിന്റെ ആലയമാണെന്നും ദൈവാത്മാവ് നിങ്ങളിൽ വസിക്കുന്നുവെന്നും നിങ്ങൾ അറിയുന്നില്ലേ?' (1 കൊറി 3:16). നമ്മെ വിശുദ്ധീകരിക്കുന്ന കൂദാശകളെ പ്രത്യേകിച്ച് അനുരഞ്ജന കൂദാശയെ വിശുദ്ധവാരത്തിൽ ഒരുക്കത്തോടെ സ്വീകരിക്കാം.

അനുഗ്രഹീതമായ ദിനങ്ങൾ എല്ലാവർക്കും ആശംസിക്കുന്നു.

▲ Editors : Rev. Dr. GEORGE NELLISSERY email: nelliseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com